കൊടുക്കുവാൻ നടപടി ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ ഈ ഫിഷർമെൻ കോളനിയിലെ അമ്പത് കുടുംബങ്ങളെ മാറ്റി താമസിപ്പിക്കുന്നതിന് 30 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി ജില്ലാ കളക്ടർ നൽകിയിട്ടുണ്ട്. ഇതൊക്കെ വച്ചുകൊണ്ടുള്ള ക്രമീകരണം ഇരവിപുരം പ്രദേശത്ത് നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് സൗകര്യമുള്ള ദിവസം ഞാൻ പ്രദേശം സന്ദർശിക്കാം.

(5) മൂവാറ്റുപുഴയിൽ ബൈപ്പാസ് നിർമ്മിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ജോണി നെല്ലൂർ: സർ, എന്റെ നിയോജകമണ്ഡലത്തിന്റെ ആസ്ഥാനമായ മൂവാറ്റുപുഴ പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ് എം.സി. റോഡ് കടന്നു പോകുന്നത്. എം.സി. റോഡിന്റെ വികസനം ഇപ്പോൾ കെ.എസ്.ടി.പി. ഏറ്റെടുത്ത് നടപ്പാക്കിവരുകയാണ്. പക്ഷേ പട്ടണ പ്രദേശത്ത് ഈ വികസനം കടന്നുവരുന്നില്ല. ഇന്ന് മൂവാറ്റുപുഴയിലൂടെ യാത്രചെയ്ത് വരുന്നവർക്ക് അങ്ങ് ഉൾപ്പെടെയുള്ള ആളുകൾക്ക് അറിയാം ഗതാഗത കുരുക്ക് അവിടെ നിത്യസംഭവമാണ്. ഗതാഗത ക്കുരുക്ക് ഒഴിവാക്കുവാൻ ബൈപ്പാസ് നിർമ്മിക്കണമെന്ന ആവശ്യം ഉയർന്നുവന്നിട്ട് വളരെക്കാലമായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഈ കാര്യം പലപ്പോഴായികൊണ്ടുവന്നിട്ടുണ്ട്. ഇപ്പോൾ എം. സി. റോഡിന്റെ വികസനം പൂർത്തീകരിക്കുന്ന മുറയ്ക്ക് മൂവാറ്റുപുഴ പട്ടണത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് ഒരു ബൈപ്പാസ് നിർമ്മിച്ച് അതുവഴി കടന്നുവരുന്ന ആളുകളെ രക്ഷിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, മൂവാറ്റുപുഴയിലെ ഗതാഗതക്കുരുക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ഈ സ്ഥലത്ത് ഇപ്പോൾ നടന്നുവരുന്ന വികസന പ്രവർത്തന ങ്ങൾക്ക് പുറമേ ഒരു ബൈപ്പാസ് നിർമ്മിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ആലോചനയിലുണ്ട്. ഇതുപോലുള്ള ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മറ്റ് പല പട്ടണങ്ങളിലും ബൈപ്പാസ് നിർമ്മിക്കണമെന്നുതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇപ്പോൾ നടപ്പാക്കിവരുന്ന കെ.എസ്.ടി.പി. 1-ൽ ഉൾപ്പെടാത്ത റോഡുകളുടെ വികസനത്തിന് ലോകബാങ്ക് ധനസഹായത്തോടുകൂടി മറ്റൊരു റോഡ് വികസന പദ്ധതിക്ക് രൂപകൽപ്പന ചെയ്തുവരുകയാണ്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ ബൈപ്പാസ് നിർമ്മിക്കുന്നകാര്യം സർക്കാർ പരിശോധി ക്കുന്നതാണ്.

(6) കണ്ണൂർ ജില്ലയിലെ എക്സൈസ് ഗാർഡ് നിയമനം

ശ്രീ. കെ. പി. മോഹനൻ: സർ, കണ്ണൂർ ജില്ലയിൽ എക്സൈസ് ഗാർഡ് ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചിട്ടില്ല. പലർക്കും പ്രായപരിധി കഴിയാൻ പോവുകയാണ്. ഇനി അവർക്ക് തൊഴിൽ കിട്ടുകയുമില്ല. അതുകൊണ്ട് എടക്കോടുപോലുള്ള സ്ഥലങ്ങളിൽ എക്സൈസ് റെയ്ഞ്ചുകൾ നിർത്തിവച്ചത് പുനസ്ഥാപിച്ചും കേരള കർണ്ണാടക അതിർത്തിയായ ഇരിട്ടിയിൽ ചെക്ക് പോസ്റ്റില്ല. അവിടെ സ്പിരിറ്റ് ഒഴുകുകയാണ്. അവിടെ പുതിയ റെയ്ഞ്ചുകൾ അനുവദിച്ചും പഴയങ്ങാടിപോലുള്ള സ്ഥലങ്ങളിൽ റെയ്ഞ്ചുകൾ അനുവദിച്ചും ചെക്ക്പോസ്റ്റിലെ അംഗസംഖ്യ വർദ്ധിപ്പിച്ചും അവർക്ക് നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly